# പാംഡ്യൂ ബ്രാൻഡിൽ നീര വിപണിയിൽ

കൊച്ചി: 'പാംഡ്യൂ' എന്ന ബ്രാൻഡിൽ നീര പാനീയം കേരളത്തിലാദ്യമായി കൊച്ചിയിൽ പുറത്തിറക്കി. എറണാകുളം വൈറ്റില മൊബിലിറ്റി ഹബ്ബിലെ നാളികേര വികസന ബോർഡിന്റെ കിയോസ്കിലാണ് വെൻഡിംഗ് മെഷീനിലൂടെ തണുപ്പിച്ച നീര വില്പനയ്ക്കുള്ളത്. 200 മില്ലിലിറ്ററിന് 25 രൂപയാണ് വില.

## വൈറ്റില ഹബ്ബിൽ വെൻഡിംഗ് മെഷീൻ

പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയാണ് നീര വിപണിയിലെത്തിച്ചത്. വിശാല കൊച്ചി വികസന അതോറിട്ടി (ജി.സി.ഡി.എ.) ചെയർമാൻ എൻ. വേണുഗോപാൽ വിപണനോദ്ഘാടനം നിർവഹിച്ചു. നാഫെഡ് ഡയറക്ടർ സിബി മോനിപ്പള്ളി 'പാംഡ്യൂ നീര' വേണുഗോപാലിന് കൈമാറി. കരിക്കിൻ ഷേയ്ക്ക്, കോക്കനട്ട് മിൽക്ക് പൗഡർ, പാം ഷുഗർ, വെർജിൻ കോക്കനട്ട് ഓയിൽ, മിൽക്ക് ക്രീം, കോക്കനട്ട് ചിപ്സ്, ഹെയർ ഓയിൽ, സ്കിൻ ഓയിൽ തുടങ്ങിയവയും ഔട്ട്ലെറ്റിൽ ലഭ്യമാണ്.

നഗരത്തിലെ പ്രധാന കേന്ദ്രങ്ങളിൽ നാളികേര വികസന ബോർഡും ഉത്പാദക കമ്പനികളും ജിസിഡിഎ യുമായി സഹകരിച്ച് നീരയുടെയും മറ്റ് നാളികേര മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും വിപണന സ്റ്റാളുകൾ ആരംഭിക്കാൻ തയ്യാറാണെന്ന് ചെയർമാൻ പറഞ്ഞു.

നാളികേര വികസന ബോർഡിനു കീഴിലുള്ള പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ ഡയറക്ടർ തോമസ് ജോസഫ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർമാരായ എം.കെ. രാംദാസ് സ്വാഗതവും കെ. ശശിധരൻ നന്ദിയും പറഞ്ഞു.

എറണാകുളം ജില്ലയിലെ മറ്റ് പ്രദേശങ്ങളിലും നീര കിയോസ്കുകൾ സ്ഥാപിക്കാനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്.